LIBRARY ARCHIVES Kerala Legislative Assembly

## മാവൂരിലെ ഗ്രാസിം ഇൻഡസ്ട്രിയിലെ തൊഴിലാളികളുടെ പുനരധിവാസം

65. [1250] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂരിലെ ഗ്രാസിം ഇൻഡസ്ട്രീസ് അടച്ചുപൂട്ടുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് മുൻകൈ എടുത്ത് എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) തൊഴിൽ നഷ്ടമായ തൊഴിലാളികൾക്ക് പുനരധിവാസത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) ഗവൺമെന്റ് അക്വയർ ചെയ്ത് കമ്പനിക്ക് കൊടുത്ത സ്ഥലം തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഒത്തുതീർപ്പ് ഉടമ്പടിയിലെ വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു†.

(സി) തൊഴിൽ വകുപ്പ് പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

66. [1251] ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഉത്തരം അനുബന്ധമായി കൊടുത്തിരിക്കുന്നു‡.

(ബി) 3,616 പേർക്ക്.

---

† അനുബന്ധം XI

‡ അനുബന്ധം—XII

## അനുബന്ധം-X

### 29-10-2001-ലെ 39 [1223]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക

1. ഹൈദ്രോസ് പള്ളി, കുററിച്ചിറ, കോഴിക്കോട്
2. ഹാഷിമിയ മദ്രസ വഖഫ്, ആലപ്പുഴ
3. ചെന്നവേലി മുഹമ്മദീയ പള്ളി, അർത്തുങ്കൽ, ആലപ്പുഴ
4. അബ്ദുൾ സത്താർ ഹാജി മൂസാ സേട്ട് ട്രസ്ററ് ജമാഅത്ത് പള്ളി, ആലുവ, എറണാകുളം
5. പുളിയക്കോട് ഉണ്ണിമോയി വഖഫ്, മുണ്ടൂർമല എസ്റേററ് മണ്ണാർക്കാട്
6. പടിഞ്ഞാറെ ഷാഫി ജമാഅത്ത്, ആലപ്പുഴ
7. തെക്കേ മഹൽ, ആലപ്പുഴ
8. പാണ്ടി തൈക്കാവ്, ആലപ്പുഴ
9. ഇസ്മയിൽ ഹാജി ഹുസൈൻ സേട്ട് വഖഫ് അലാൽ—ഔലാദ്, ആലപ്പുഴ ജില്ല
10. കരുമണിപ്പറമ്പിൽ മമ്മിക്കുട്ടി വഖഫ്, പൊന്നാനി
11. മറവൻചേരി ജമാ അത്ത് മോസ്ക്ക്, പൊന്നാനി
12. മറവൻചേരി ദറാസ്, പൊന്നാനി
13. കല്ലിയത്ത് ജമാ അത്ത് മോസ്ക്ക്, ബ്ലാത്തൂർ ജമാ അത്ത് മോസ്ക്ക് തളിപ്പറമ്പ്
14. പറമ്പൂർ തറവാട് വഖഫ്, പെരുന്തൽമണ്ണ
15. ഹനാഫി മുസ്ലീം അലിയാർ ഹനാഫി ജമാ അത്ത് മോസ്ക്ക് തലശ്ശേരി
16. മസൂത്തൂർ മൊബാറാക്ക് പള്ളി, കാസർഗോഡ്
17. പുല്ലമ്പിളാകായിൽ നിസ്കാരപള്ളി, കോഴിക്കോട്
18. ടാപൊായിൽ തറവാട് വഖഫ്, കോഴിക്കോട്
19. മുല്ലവീട്ടിൽ കുഞ്ഞോയി ഹാജി വഖഫ്, കോഴിക്കോട്
20. പൂന്നിലത്ത് മൈലൂദ് വഖഫ്, കൊടുങ്ങല്ലൂർ താലൂക്ക്
21. ഇസ്മയിൽ ഹാജി ഹുസൈൻ സേട്ട് വഖഫ് (അലൽ ഔലാദ്)

## അനുബന്ധം-XI

### 29-10-2001-ലെ 65 [1250]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക

#### 7-7-2001-ൽ ഒപ്പുവച്ച കരാറിലെ വ്യവസ്ഥകൾ

1. 30-6-2001-ൽ അടച്ചുപൂട്ടിയ മാവൂർ ഗ്രാസിം ഇൻഡസ്ട്രീസിന്റെ പൾപ്പ് ഡിവിഷനിലെയും സ്റേറപിൾ ഫൈബർ ഡിവിഷനിലെയും തൊഴിലാളികൾക്ക് 30-6-2001 വരെയുള്ള ശമ്പളവും മററ് ആനുകൂല്യങ്ങളും നൽകുന്നതായിരിക്കും.



LIBRARY ARCHIVES Kerala Legislative Assembly

2. കരാർ ഒപ്പുവയ്ക്കുന്ന തീയതിയിൽ കമ്പനിയുടെ മസ്റ്റർ റോളിൽ ഉള്ള എല്ലാ സ്ഥിരജീവനക്കാർക്കും (ട്രെയിനികളും പ്രൊബേഷണറുകളും ഉൾപ്പെടെ) "അടച്ചുപൂട്ടൽ നഷ്ടപരിഹാരം" നൽകുന്നതായിരിക്കും.

(എ) ഇതനുസരിച്ച് എല്ലാ സ്ഥിര ജീവനക്കാർങ്ങും ആളൊന്നിന് 27,500 രൂപ വീതം നൽകും.

(ബി) ഇതിന് പുറമെ പൂർത്തിയാക്കപ്പെട്ട ഓരോ വർഷത്തേയും സർവ്വീസ് കണക്കാക്കി 40 ദിവസത്തെ ശമ്പളം നൽകും. അതേപോലെ ബാക്കിയുള്ള ഭാവി സർവ്വീസിന് വർഷം 1-ന് 40 ദിവസത്തെ ശമ്പളവും ലഭിക്കും.

(സി) 30-6-2001-ലെ ശംബളം അടിസ്ഥാനമാക്കിയായിരിക്കും മേപ്പടി തുകകൾ കണക്കാക്കുന്നത്. ഈ തുക 23-7-2001-ന് മുൻപ് തൊഴിലാളികൾക്ക് നൽകും.

(ഡി) 16 ട്രെയിനികൾക്കും പ്രൊബേഷണർമാർക്കും നഷ്ടപരിഹാരമായി ഒരു ലക്ഷം രൂപ വീതം നൽകും.

3. 2001-ലെ ഐ. ഡി. നമ്പർ 3-ൽ കക്ഷി ചേർന്നിട്ടുള്ള സ്റ്റാഫ് അംഗങ്ങളിൽ 30-6-2001-ൽ പെൻഷൻ പറ്റേണ്ടുന്നവർ ഒഴികെ ബാക്കിയുള്ളവർക്ക് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കും. എന്നാൽ ഇവർക്ക് സർവ്വീസിൽനിന്നും ടെർമിനേററ് ചെയ്യപ്പെടുന്ന കാലാവധിക്കുശേഷം അർഹതയുണ്ടായിരിക്കുന്നതല്ല.

4. കമ്പനി ക്വാർട്ടേഴ്സ് ഉപയോഗിക്കുന്ന തൊഴിലാളികൾ 31-8-2001നോ അതിന് മുൻപോ ക്വാർട്ടേഴ്സ് ഒഴിഞ്ഞതിനുശേഷം മാത്രമേ അവർക്ക് അർഹമായ തുകകൾ വിതരണം ചെയ്യുകയുള്ളൂ. എന്നാൽ നടപ്പ് അദ്ധ്യയന വർഷത്തിൽ പഠിക്കുന്ന കുട്ടികൾ ഉള്ള തൊഴിലാളികൾക്ക് 31-3-2002 വരെ ക്വാർട്ടേഴ്സ് ഉപയോഗിക്കാവുന്നതുമാണ്. എന്നാൽ 31-3-2002-ന് ശേഷം ക്വാർട്ടേഴ്സ് ഉപയോഗിക്കുകയാണെങ്കിൽ മാസം 1600 രൂപ വീതം കമ്പനിക്ക് നൽകണം.

5. 1-7--2001-നും 31-12-2001-നും ഇടയ്ക്ക് പെൻഷൻ പറ്റേണ്ടുന്ന തൊഴിലാളികൾക്ക് 10,000 രൂപ എക്സ്ഗ്രേഷ്യ ആയി നൽകും.

6, മദ്ധ്യപ്രദേശ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകൾ പിൻവലിക്കാമെന്ന് യൂണിയനുകൾ സമ്മതിച്ചു.

7. 30-6-2001-വരെ നിലവിലുണ്ടായിരുന്ന അലവൻസുകൾക്കും മററ് ആനുകൂല്യങ്ങൾക്കും വേണ്ടിയുള്ള കേസുകളിൽ ഓരോ തൊഴിലാഴിലാളിക്കും 1000 രൂപ നൽകും.

8. ചില ജീവനക്കാരുടെ ജനന തീയതി സംബന്ധിച്ച് വിവിധ കോടതികളിൽ നിലനിൽക്കുന്ന കേസുകൾ അതേപോലെ തുടരും.

9. 2000-01 കാലയളവിലേക്ക് $8\frac{1}{3}$ % ബോണസ് എല്ലാ തൊഴിലാളികൾക്കും 31-7-2001-ന് മുൻപ് നൽകും.

LIBRARY ARCHIVES Kerala Legislative Assembly

10. ഇ. എസ്. ഐ. വിഹിതമായി തൊഴിലാളികളിൽ നിന്നും പിരിച്ചെടുത്ത തുക തിരികെ നൽകും.

11. ഇ. എസ്. ഐ. സ്കീം അനുസരിച്ച് പെൻഷൻ വാങ്ങുന്നവർക്ക് അത് കമ്മ്യൂട്ട് ചെയ്യാൻ അനുവദിക്കും.

12. പി. എഫ്. ഗ്രാററുവിററി. 2001 ജൂൺ മാസത്തേക്കുള്ള ശമ്പളം, ലീവ് ആനുകൂല്യം തുടങ്ങി എല്ലാവിധ പെൻഷൻ ആനുകൂല്യങ്ങൾക്കും തൊഴിലാളികൾക്ക് അർഹതയുണ്ട്.

13. നടപ്പ് അദ്ധ്യയനവർഷം അവസാനിക്കുന്നതുവരെ സ്കൂൾ തുടർന്നുകൊണ്ടുപോകാൻ പി. ററി. എ. നടപടികൾ എടുക്കും. 31-3-2002 വരെ മാനേജ്മെൻറ് 200 രൂപയിൽ കൂടാത്ത തുക ഓരോ കുട്ടിക്കും നൽകും.

14. മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾക്ക് പുറമെ യൂണിയനുകൾ ഭാവിയിൽ മററ് യാതൊരു അവകാശങ്ങളും ഉന്നയിക്കുന്നതല്ല.

15. ഈ ഉടമ്പടിക്ക് ആധാരമായി വിവിധ കോടതികളിൽ നിലനിൽക്കുന്ന എല്ലാ കേസുകൾക്കും തീർപ്പു കൽപ്പിക്കാവുന്നതാണ്.

## അനുബന്ധം—XII

### 29-10-2001-ലെ 66 (1251)-ാം നമ്പർ ചോദ്യത്തിൻെറ ഉത്തരം കാണുക

1973-ൽ ഇൻഡ്യയിൽ ആദ്യമായി കേരളത്തിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ ഓരോ ജോലിക്കും പരിഗണിക്കേണ്ടവരുടെ സീനിയോറിററി ലിസ്ററ് മുൻകൂട്ടി തയ്യാറാക്കുന്ന രീതി നടപ്പിലാക്കി. ഇപ്പോൾ ഓരോ മൂന്നു വർഷം കൂടുമ്പോഴും കേരളത്തിലെ എല്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലും ഇങ്ങനെയുള്ള ലിസ്ററുകൾ തയ്യാറാക്കുന്നു. ഇങ്ങനെ ലിസ്ററ് തയ്യാറാക്കുന്ന വിവരം ഉദ്യോഗാർത്ഥികളെ വാർത്താമാദ്ധ്യമങ്ങൾ വഴി അറിയിക്കുന്നു. അവർക്ക് ലിസ്ററ് പരിശോധിക്കുവാനും പരാതിയുണ്ടെങ്കിൽ അതു നൽകുവാനും ഒരു മാസം സമയം നൽകുന്നു. പരാതി ന്യായമാണെങ്കിൽ അതിനുവേണ്ടി സർക്കാർ നിശ്ചയിച്ചിട്ടുള്ള കമ്മിററി പരാതി പരിഹരിക്കുകയും സീനിയോറിററി ലിസ്ററ് അംഗീകരിക്കുകയും ചെയ്യുന്നു. മററ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ നിന്നും ട്രാൻസ്ഫർ ആയി വരുന്ന രജിസ്ട്രേഷനുകൾ അപ്പപ്പോൾ തന്നെ സീനിയോറിററി ലിസ്ററുകളിൽ ചേർക്കുവാൻ നിയമപ്രകാരം തന്നെ സാധ്യമാണ്. കൂടാതെ ഓരോ ആറുമാസം കൂടുമ്പോഴും ഇങ്ങനെയുള്ള ലിസ്ററുകൾ കമ്മിററി പുനഃപരിശോധിക്കുകയും ചെയ്യാറുണ്ട്.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ സീനിയോറിററി തർക്കം പരിശോധിക്കുന്നതിനും മററും ജില്ലകൾതോറും ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് അദ്ധ്യക്ഷനായുള്ള ഉപദേശക സമിതി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly